# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് മൂന്ന്

## രാജാവിന്റെ പൂർവികരും പദവിയും

### (3)

Sat പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതൊക്കെയും ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു. മുഴുവൻ പഴയനിയമവും നേരിട്ടോ അല്ലാതെയോ ക്രിസ്തുവിന്റെ ഒരു വിവരണമാണ്. ക്രിസ്തുവിന്റെ വംശാവലിയെ മനസ്സിലാക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം പഴയനിയമത്തിലേക്കു മടങ്ങിപ്പോകുകയും അതിനെ ശ്രദ്ധയോടെ വായിക്കുകയും വേണം. നാം ഇങ്ങനെ ചെയ്യുമെങ്കിൽ, പഴയനിമയം ക്രിസ്തുവിന്റെ ഒരു വിവരണമാണെന്നു നാം തരിച്ചറിയും. മുഴുവൻ വേദപുസ്തകവും ക്രിസ്തുവിന്റെ ഒരു വെളിപാടാണെന്ന് ഇത് തെളിയിക്കുന്നു.

ക്രിസ്തുവിന്റെ തലമുറയിൽ താണവരും, ഉയർന്നവരും, നല്ലവരും, മോശമായവരും, പിതാക്കന്മാരും, രാജാക്കന്മാരും, സാധാരണ പൗരന്മാരും, ബദ്ധന്മാരും, പ്രത്യുദ്ധരിക്കപ്പെട്ടവരും, ഒരു മോശം ഖ്യാതിയോടുകൂടിയ സ്ത്രീകളുമായ എല്ലാതരം ആളുകളും ഉൾപ്പെടുന്നുവെന്ന് അവന്റെ വംശാവലിയിൽനിന്നും നാം കണ്ടു. എന്നിരുന്നാലും, ചില നിയന്ത്രക പ്രമാണങ്ങൾ ഇവിടെ ഉണ്ടെന്ന് നാം മനസ്സിലാക്കണം. ഈ എല്ലാ വ്യക്തികളുടെയും ജീവിതങ്ങളിൽനിന്നും, ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തെ ഭരിക്കുന്ന ചില തത്ത്വങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. ക്രിസ്തുവിന്റെ വംശാവലിയിൽ എല്ലാതരം വ്യക്തികളും ഉണ്ടെങ്കിലും, ഒരു അയഞ്ഞ രീതിയിലല്ല ഉള്ളത്. നാം എന്താണെന്നതോ എവിടെനിന്നും വന്നുവെന്നതോ വിഷയമല്ല, നാം തത്ത്വങ്ങൾ നിറവേറ്റുമെങ്കിൽ ക്രിസ്തുവിന്റെ വംശാവലിയിൽ നമുക്കും ഉൾപ്പെടുവാൻ കഴിയും. നാം ഇത് കണ്ടു കഴിഞ്ഞുവെങ്കിലും, വേണ്ടുംവണ്ണം കണ്ടിട്ടില്ല, കാരണം കൂടുതൽ വ്യക്തികളെ ഇനിയും കാണുവാനുണ്ട്.

### I. താമാർ

ഒന്നാമത് നാം പരിഗണിക്കുന്നത് താമാറിനെയാണ്.

അവളുടെ അമ്മായപ്പനുമായുള്ള നിഷിദ്ധബന്ധത്തിലൂടെ താമാർ ഗർഭിണിയായി (ഉല്പ. 38:6-27). സദാചാരമായി പറഞ്ഞാൽ, ഇത് ശോചനീയവും ധാർമ്മികമായി പറഞ്ഞാൽ ഭയങ്കരവും ആയിരുന്നു. ആരും ഇതിനെ ന്യായീകരിക്കുകയില്ല. നിരവധി വർഷങ്ങൾ ഞാൻ ഉല്പത്തി പഠിച്ചുകൊണ്ടിരിക്കുന്നെങ്കിലും, മുപ്പത്തെട്ടാം അധ്യായം വായിക്കുമ്പോഴെല്ലാം എന്റെ ഹൃദയം വേദനിക്കുന്നു. ഒരർഥത്തിൽ താമാർ ചെയ്തത് ഒരിക്കലും നല്ലതല്ലായിരുന്നു. എന്നിരുന്നാലും, അവൾ നീതി ഉള്ളവളായിരുന്നു. തെറ്റ് അവളുടെ പക്ഷത്തല്ലായിരുന്നു, പിന്നെയോ അവനെക്കാൾ അവൾ നീതിയുള്ളവളെന്നു സമ്മതിച്ച അവളുടെ അമ്മായപ്പനായ യെഹൂദായുടെ പക്ഷത്തായിരുന്നു (ഉല്പ. 38:26). താമാറിന്റെ പ്രവൃത്തിക്ക് യാതൊരു ഒഴികഴിവുമില്ലെന്നും, നിഷിദ്ധബന്ധത്തിൽ എപ്പോഴും ഇരുപക്ഷക്കാരും ഉൾപ്പെടുന്നുവെന്നും നിങ്ങൾ പറയുമായിരിക്കും. ഒരു നിശ്ചിത പരിധിയോളം താമാർ ഉത്തരവാദിയായിരിക്കാമെങ്കിലും, അവൾ നീതിയുള്ളവളായിരുന്നു; ജ്യേഷ്ഠാവകാശത്തിനു വേണ്ടിയുള്ള ഒരു ഹൃദയം അവൾക്കുണ്ടായിരുന്നു.

വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിൽനിന്ന് നാം വരുന്നതുകൊണ്ടും, നമുക്ക് ജ്യേഷ്ഠാവകാശത്തെയും ആ കാലത്തെ ജനത്തെ സംബന്ധിച്ച് അതിനുള്ള പ്രാധാന്യത്തെയുംകുറിച്ച് അല്പം അറിവുള്ളതുകൊണ്ടും അതിനെക്കുറിച്ച് ഞാൻ ഒരു വാക്കു പറയേണ്ടത് ആവശ്യമാകുന്നു. താമാറിന്റെ സമയത്ത്, ജ്യേഷ്ഠാവകാശം വലിയൊരു കാര്യമായിരുന്നു (ഉല്പ. 38:6-8). കഴിഞ്ഞ ദൂതിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ജ്യേഷ്ഠാവകാശത്തിൽ ദേശത്തിന്റെ ഇരട്ടി പങ്കും, പൗരോഹിത്യവും, രാജത്വവും ഉൾപ്പെട്ടിരുന്നു. ദേശത്തിന്റെ ഇരട്ടി പങ്ക് ക്രിസ്തുവിന്റെ ഇരട്ടി ആസ്വാദനത്തെ പരാമർശിക്കുന്നു. ദേശം ക്രിസ്തു ആണ്; ദേശത്തിന്റെ ഇരട്ടി പങ്ക് ക്രിസ്തുവിന്റെ സാധാരണയായ, പൊതുവായ ആസ്വാദനമല്ല, മറിച്ച് ക്രിസ്തുവിന്റെ ആസ്വാദനത്തിലുള്ള സവിശേഷമായ ഒന്ന്, അസാധാരണമായ ഒന്ന്, ആണ്. പൗരോഹിത്യവും രാജത്വവും രണ്ടും ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നു. അബ്രാഹാമിനു ശേഷമുള്ള തലമുറയെ സംബന്ധിച്ചിടത്തോളം ജ്യേഷ്ഠാവകാശം മൊത്തത്തിൽ ക്രിസ്തുവിനെ അവകാശമാക്കുന്ന ഒരു വിഷയമാണ്. നാം അവിശ്വാസികളായിരുന്നപ്പോൾ നാം ക്രിസ്തുവിനെ കൂടാതെയുള്ളവർ ആയിരുന്നുവെന്ന് എഫെസ്യർ 2:12-ൽ നമ്മോടു പറഞ്ഞിരിക്കുന്നു. എന്നാൽ കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിലൂടെ നാം ജ്യേഷ്ഠാവകാശത്തിലേക്കു കൊണ്ടുവരപ്പെട്ടു. നാം ക്രിസ്തുവിലേക്കു വയ്ക്കപ്പെടുകയും, ക്രിസ്തു നമ്മുടെ ഓഹരിയായിത്തീരുകയും, അവൻ നമ്മുടെ ഇരട്ടി പങ്കുപോലും ആകുകയും ചെയ്യും. അവൻ മുഖാന്തരവും, അവനിലും, അവനോടുകൂടെയും നമുക്ക്

പൗരോഹിത്യവും രാജത്വവും ഉണ്ട്. ക്രിസ്തു തന്നെയാണ് നമ്മുടെ നല്ലദേശവും, നമ്മുടെ പൗരോഹിത്യവും, നമ്മുടെ രാജത്വവും.

ജ്യേഷ്ഠാവകാശം ഉണ്ടായിരിക്കുവാൻ താമാർ എന്തുകൊണ്ട് ഉൽക്കണ്ഠയുള്ളവളായിരുന്നുവെന്ന് ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അവൾ ഛേദിക്കപ്പെട്ടിരുന്നുവെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തത്തോടുള്ള ബന്ധത്തിൽ അവൾ അവസാനിച്ചു എന്ന് അവൾക്ക് അറിയാമായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തം എന്നത് ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ട തന്റെ ജനത്തിന്റെ ഓഹരിയായിരിക്കുന്നതിന് അവനെത്തന്നെ വാഗ്ദത്തം ചെയ്യുന്നതായിരുന്നു. ഈ അനുഗ്രഹം നഷ്ടപ്പെടുത്തുവാൻ താമാർ ആഗ്രഹിച്ചില്ല.

യെഹൂദായുടെ ആദ്യമകന്റെ ഭാര്യയായിരുന്നു താമാർ. ഈ മകൻ ജ്യേഷ്ഠാവകാശം അവകാശമാക്കണമായിരുന്നു. എന്നാൽ താമാറിന്റെ ഭർത്താവ് ദൈവത്തിന്റെ ദൃഷ്ടിയിൽ ദുഷ്ടനായിരുന്നു; അതുകൊണ്ട് കർത്താവ് അവന്റെ ജീവൻ എടുത്തു (ഉല്പ. 38:7). യെഹൂദായുടെ രണ്ടാമത്തെ മകനെയും കർത്താവ് കൊന്നുകളഞ്ഞു (ഉല്പ. 38:8-10). പ്രാചീന ചട്ടങ്ങളനുസരിച്ച് ജ്യേഷ്ഠാവകാശം സ്വന്തമാമാക്കുവാൻ ഒരു മകനെ പ്രസവിക്കേണ്ടതിന് യെഹൂദാ തന്റെ അടുത്ത മകനെ താമാറിന് വിവാഹം കഴിപ്പിച്ചുകൊടുക്കണമായിരുന്നു. എന്നാൽ യെഹൂദാ തന്റെ ഉത്തരവാദിത്വം നിറവേറ്റിയില്ല. ഒരർഥത്തിൽ യെഹൂദാ താമാറിനെ വഞ്ചിച്ചു (ഉല്പ. 38:11-14). എന്നാൽ താമാർ വിട്ടില്ല; ജ്യേഷ്ഠാവകാശം നേടുന്നതിന് അവൾ ഉചിതമല്ലാത്ത ഒരു മുഖാന്തരം ഉപയോഗിച്ചു. മുഖാന്തരം ഉചിതമോ അനുചിതമോ ആയിരുന്നാലും, ആ ജ്യേഷ്ഠാവകാശം കൈവശമാക്കുവാൻ താമാർ തന്നാലാവോളം ചെയ്തു.

ജ്യേഷ്ഠാവകാശം ഉണ്ടായിരിക്കുകയെന്നാൽ കേവലം ക്രിസ്തുവിനെ നേടുന്നതാണ്. ക്രിസ്തുവിനെ നേടുന്നതിന് കാഴ്ചയിൽ ഏറ്റവും നല്ല വഴി ആയിരിക്കണമെന്നില്ലാത്ത ഒരു വഴി എടുക്കുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. ഇതിനെ ഉദാഹരിക്കുവാൻ ഞാൻ ഒരു സംഭവം പറയട്ടെ, എന്നാൽ എന്നെ തെറ്റിദ്ധരിക്കരുത്, എന്നെ മനസ്സിലാക്കുവാൻ ശ്രമിക്കുക. കഴിഞ്ഞ കാലത്ത് ചൈനയിലെ ചില യുവാക്കൾ എന്റെ പ്രസംഗത്താൽ പ്രചോദിപ്പിക്കപ്പെടുകയും, കർത്താവായ യേശുവിൽ വിശ്വസിക്കുകയും, സ്നാനപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ബുദ്ധമതക്കാരായ അവരുടെ മാതാപിതാക്കൾ ഇതിനെ വളരെയധികം എതിർത്തു. തങ്ങളുടെ മക്കൾ സ്നാനപ്പെടുവാൻ പദ്ധതിയിട്ടിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കിയപ്പോൾ വീടു വിട്ടുപോകുവാൻ യാതൊരു അവസരവും അവർ അവർക്കു നൽകിയില്ല. ഇതിനെക്കുറിച്ച് യുവാക്കൾ പ്രാർഥിച്ചു. ഒടുവിൽ, അവർക്ക് സ്കൂളിൽ പകുതി

ദിവസത്തെ ക്ലാസ്സിൽ സംബന്ധിക്കേണ്ടതായുണ്ടെന്ന് അവർ തങ്ങളുടെ മാതാപിതാക്കളോടു പറഞ്ഞു. അത് തീർച്ചയായും ഒരു കള്ളമായിരുന്നു, കാരണം അവർ സ്കൂളിൽ പോയില്ല; അവർ സ്നാനപ്പെടുവാനായി സഭയിലേക്കു പോയി. അവർ ഒരു കള്ളം പറഞ്ഞുവെങ്കിലും അത് നിർമ്മലമായ ഒരു കള്ളമായിരുന്നു. ആ കള്ളം പറഞ്ഞതിലുള്ള അവരുടെ ഉദ്ദേശ്യം ദൈവത്തെ വളരെ പ്രസാദിപ്പിക്കുന്നതായിരുന്നു. ക്രിസ്തുവിനെ നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വഴിയെ നിങ്ങൾ ശ്രദ്ധിക്കരുത്. മതപരമായിരിക്കരുത്; നിയമങ്ങളും ചട്ടങ്ങളും കാക്കരുത്. ക്രിസ്തുവിനെ നേടുക! നിങ്ങൾ ക്രിസ്തുവിനെ നേടേണ്ടത് ആവശ്യമാണ്. ഏതു വിധേനയും ജ്യേഷ്ഠാവകാശം നേടിയെടുക്കുക.

താമാർ ജ്യേഷ്ഠാവകാശം സമ്പാദിച്ചത് ഉചിതമല്ലാത്ത ഒരു മുഖാന്തരത്തിലൂടെ ആയിരുന്നു. എന്നാൽ വേദപുസ്തകത്തിലെ ദിവ്യ രേഖയിൽ താമാറിന്റെ പേര് ഒരു മോശം പേരല്ല. ഈ പേര് വിശുദ്ധമാണെന്ന് രൂത്ത് 4:12 സൂചിപ്പിക്കുന്നു. ഈ വാക്യത്തിൽ മൂപ്പന്മാർ പറഞ്ഞു, "ഈ യുവതിയിൽനിന്ന് യഹോവ നിനിക്കു നൽകുന്ന സന്തതിയാൽ നിന്റെ ഗൃഹം താമാർ യെഹൂദയ്ക്കു പ്രസവിച്ച പാരെസിന്റെ ഗൃഹംപോലെ ആയിത്തീരട്ടെ." താമാർ പാപകരമായ യാതൊന്നിനുംവേണ്ടി കരുതാതിരുന്നതുകൊണ്ട് അവളുടെ പേര് വിശുദ്ധമായിരുന്നു; അവൾ ജ്യേഷ്ഠാവകാശത്തിനു വേണ്ടി മാത്രമേ കരുതിയുള്ളൂ. നാം ക്രിസ്തുവിനുവേണ്ടി കരുതുകയും അവനെ അന്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ, അവനെ നേടുവാൻ നമുക്കു കഴിയുന്ന ഏതു മാർഗവും ശരിയായ മാർഗമാകുന്നു എന്നതാണ് ഇന്ന് നമുക്ക് ഇതിനെക്കുറിച്ചുള്ള പ്രാധാന്യം.

## J. പാരെസും സാരഹും

താമാറിൽനിന്നും നാം അവളുടെ മകനായ പാരെസിലേക്കു പോകുന്നു (വാ. 3). താമാർ ഇരട്ടകളെ ഗർഭം ധരിച്ചു (ഉല്പ. 38:27-30). പ്രസവസമയത്ത് സാരഹെന്ന ഒരു ആൺകുട്ടി ആദ്യം വരാൻ ശ്രമിച്ചുവെങ്കിലും, അവൻ വിജയിച്ചില്ല. അവൻ തന്റെ കൈ പുറത്തിട്ടപ്പോൾ അവൻ ആദ്യജാതനായിരിക്കുമെന്നു സൂചിപ്പിച്ചുകൊണ്ട് സൂതികർമ്മിണി ഒരു ചുവന്ന ചരടുകൊണ്ട് അതിനെ അടയാളപ്പെടുത്തി. എന്നാൽ ആദ്യജാതനായിരിക്കുവാൻ പാരെസ് അവനു മുമ്പേ വന്നു. അങ്ങനെ ഒന്നാമത്തവൻ ഒടുക്കത്തവനായിത്തീരുകയും ഒടുക്കത്തവൻ ഒന്നാമനായിത്തീരുകയും ചെയ്തു. സൂതികർമ്മിണി അമ്പരന്നുപോയി. എങ്ങനെ ജ്യേഷ്ഠാവകാശം നേടണമെന്നതിന്റെ ഒരു നല്ല ഉദാഹരണമാണിത്. പാരെസ് ജ്യേഷ്ഠാവകാശം അവകാശമാക്കി. മനുഷ്യൻ അവനെ തിരഞ്ഞെടുത്തില്ലെങ്കിലും ദൈവം അവനെ അയച്ചു. ഇത് മനുഷ്യന്റെ പരിശ്രമത്തിന്റെ കാര്യമല്ല, ദൈവത്തിന്റെ

തിരഞ്ഞെടുപ്പിന്റെ കാര്യമാണെന്ന് ഇതു തെളിയിക്കുന്നു. അമ്മയുടെ സംഭവം നമ്മോട് ഒരു വശം പറയുന്നു: ജ്യേഷ്ഠാവകാശം നേടുന്നതിനു നമ്മാലാവോളം ശ്രമിച്ചുകൊണ്ട് അതിനുവേണ്ടി നാം ഉൽക്കണ്ഠയുള്ളവരായിരിക്കണം. മകന്റെ സംഭവം മറ്റൊരു വശം നമ്മോടു പറയുന്നു: ജ്യേഷ്ഠാവകാശം നേടുവാൻ നാം പരിശ്രമിച്ചാലും, അതു നമ്മുടെ പ്രയത്നങ്ങളുടെയല്ല, വാസ്തവത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ഒരു വിഷയമാകുന്നു (റോമ. 9:11 കാണുക).

ഡി.എൽ. മൂഡിയെ സംബന്ധിച്ച ഒരു സംഭവം ഞാൻ ഓർക്കുന്നു. ഒരു ദിവസം തന്റെ ബൈബിൾ സ്കൂളിലെ ഒരു വിദ്യാർഥി അദ്ദേഹത്തോടു പറഞ്ഞു, "മിസ്റ്റർ മൂഡി, രക്ഷിക്കപ്പെട്ട എല്ലാവരും തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന്, ലോകസ്ഥാപനത്തിനുമുമ്പേ ദൈവത്താൽ മുൻനിർണ്ണയിക്കപ്പെട്ടവരാണെന്ന് പുതിയനിയമം വായിച്ചതിലൂടെ ഞാൻ മനസ്സിലാക്കി. ഇപ്പോൾ എനിക്കൊരു പ്രശ്നമുണ്ട്. ഞാൻ സുവിശേഷം പ്രസംഗിക്കുകയും വിശ്വസിക്കുവാൻ ജനത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു വെങ്കിൽ, ഞാൻ തെറ്റു ചെയ്യുകയും ദൈവം തിരഞ്ഞെടു ത്തിട്ടില്ലാത്ത ഒരുവനെ പ്രേരിപ്പിക്കുകയും ചെയ്യേക്കാം. ഞാൻ എന്തു ചെയ്യണം?" മൂഡി ഉത്തരം നൽകിയത്, "എന്റെ മകനേ, മുന്നോട്ടു പോയി നിന്നാലാവോളം പ്രസംഗിക്കുക. ജനം വാതിലിനുള്ളിലേക്കു പ്രവേശിക്കാൻ വരുമ്പോൾ പുറത്ത് ഇങ്ങനെ എഴുതിയിരിക്കുന്നതു കാണും 'ഇച്ഛിക്കുന്ന ഏവനും പ്രവേശിക്കാം.' എന്നാൽ അവർ വാതിലിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ, അവർ തിരിഞ്ഞുനോക്കുമ്പോൾ അകത്ത് ഇങ്ങനെ എഴുതിയിരിക്കുന്നതു കാണും, 'ലോകസ്ഥാപനത്തിനുമുമ്പേ തിരഞ്ഞെടുക്കപ്പെട്ടവൻ.'" താമാറിന്റെ സംഭവം അർഥമാക്കുന്നത്, "ഇച്ഛിക്കുന്ന ഏവനും പ്രവേശിക്കാം" എന്നാണ്. താമാർ ഇച്ഛിച്ചു, താമാർ വന്നു. എന്നാൽ അവളുടെ മകന്റെ സംഭവം പറയുന്നത്, "ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുക്കപ്പെട്ടവൻ" എന്നാണ്. ഒരുപക്ഷേ നിങ്ങൾ ജ്യേഷ്ഠാവകാശം നേടുന്നതിന് പരിശ്രമിക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന ഇന്നത്തെ താമാറായിരിക്കാം. എന്നാൽ ഒരിക്കൽ നിങ്ങൾ അതു നേടിക്കഴിഞ്ഞാൽ, നിങ്ങൾ തിരിഞ്ഞുനോക്കുകയും ലോകസ്ഥാപനത്തിനുമുമ്പേ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവനാ ണെന്ന് കാണുകയും ചെയ്യും. ജ്യേഷ്ഠാവകാശം നമ്മിൽ ആശ്രയിച്ചി രിക്കുന്നില്ല; അത് ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരി ക്കുന്നു.

## K. രഹാബ്

നാം രഹാബിലേക്കു മുന്നോട്ടുപോകുന്നു (വാ. 5). നിത്യതയോളം ദൈവത്താൽ ശപിക്കപ്പെട്ട ഒരു സ്ഥലമായ

യെരീഹോവിലെ ഒരു വേശ്യ ആയിരുന്നു രഹാബ് (യോശു. 2:1). അവൾ ഇങ്ങനെയുള്ള ഒരു സ്ഥലത്തുള്ള ഒരു വേശ്യയായിരുന്നെങ്കിലും അവൾ ക്രിസ്തുവിന്റെ ഒരു മുത്തശ്ശിയായിത്തീർന്നു. ഒരു വേശ്യക്ക് എങ്ങനെയാണ് ക്രിസ്തുവിന്റെ ഒരു മുത്തശ്ശിയായിരിക്കുവാൻ കഴിഞ്ഞത്? ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിനായി നാം തത്ത്വങ്ങൾ കണ്ടെത്തേണ്ടതാവശ്യമാണ്. രഹാബും, അവളുടെ കുടുംബവും, അവളുടെ ആസ്തികളുമൊഴികെ യെരീഹോയിലെ മുഴുവൻ നിവാസികളും നശിപ്പിക്കപ്പെട്ടു. അവൾ ദൈവത്തിലേക്കും ദൈവത്തിന്റെ ജനത്തിലേക്കും തിരിഞ്ഞതുകൊണ്ട് അവൾ രക്ഷിക്കപ്പെട്ടു (യോശു. 6:22-23, 25: എബ്രാ. 11:31). അവൾ ദൈവത്തിലേക്കും ദൈവത്തിന്റെ ജനത്തിലേക്കും തിരിഞ്ഞതിനുശേഷം, യെഹൂദാ എന്ന പ്രധാന ഗോത്രത്തിന്റെ സൈന്യത്തിലെ ഒരു നേതാവും യെരീഹോവിനെ ഒറ്റുനോക്കേണ്ടതിന് യോശുവയാൽ അയയ്ക്കപ്പെട്ട പുരുഷന്മാരിൽ ഒരുവനുമായിരുന്ന ശൽമോനെ അവൾ വിവാഹം കഴിച്ചു. ആ സമയത്ത് ശൽമോൻ രഹാബുമായി അടുക്കുകയും, ഒരർഥത്തിൽ അവളെ രക്ഷിക്കുകയും ചെയ്തു. ഒടുവിൽ രഹാബ് അവനെ വിവാഹം കഴിക്കുകയും, അവർ ബോവസ് എന്നു പേരുള്ള ഒരു ദൈവഭക്തനെ ജനിപ്പിക്കുകയും ചെയ്തു.

ക്രിസ്തുവുമായുള്ള നമ്മുടെ പങ്കാളിത്തത്തെ ഭരിക്കുന്ന തത്ത്വങ്ങൾക്ക് ഇപ്പോൾ നാം നമ്മുടെ പൂർണ ശ്രദ്ധ ചെലുത്തണം. നമ്മുടെ പശ്ചാത്തലം എന്തുതന്നെയായാലും, നാം ദൈവത്തിലേക്കും ദൈവത്തിന്റെ ജനത്തിലേക്കും തിരിയണം എന്നതാണ് ഒന്നാമത്തെ തത്ത്വം. രണ്ടാമത്തേത്, ഭൗതികമായ അർഥത്തിലല്ല, ആത്മികമായ അർഥത്തിൽ നാം ശരിയായ വ്യക്തിയെ വിവാഹം കഴിക്കണം. നാം ദൈവത്തിലേക്കും ദൈവത്തിന്റെ ജനത്തിലേക്കും തിരിഞ്ഞതിനുശേഷം ശരിയായ വ്യക്തിയോടു ചേരുകയും, പണിയപ്പെടുകയും, ബന്ധപ്പെട്ടിരിക്കുകയും വേണം. മൂന്നാമത്തേത്, നാം ശരിയായ ഫലം ഉളവാക്കണം. അപ്പോൾ നാം പൂർണമായി ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശത്തിന്റെ ഓഹരിയിലായിരിക്കും.

അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ ജ്യേഷ്ഠാവകാശം ഇന്ന് നഷ്ടപ്പെടുത്തിയെന്നു തോന്നുന്നു. അവർക്ക് ശൽമോനും ബോവസും ഇല്ല. നിങ്ങൾക്ക് ശൽമോനും ബോവസും ഉണ്ടായിരിക്കണമെങ്കിൽ, നിങ്ങൾ ശരിയായ വിശ്വാസികളുമായി, പ്രധാന ഗോത്രങ്ങളിൽ ശരിയായി നേതൃത്വം വഹിക്കുന്നവരുമായി ബന്ധത്തിലായിരിക്കണം. അതിനുശേഷം നിങ്ങൾ ദാവീദിന്റെ ഒരു പൂർവപിതാവായ ബോവസ് എന്ന ശരിയായ ഫലത്തെ ഉളവാക്കണം. നാം കർത്താവിലേക്കു തിരിയുകയും, കർത്താവിന്റെ ജനത്തിലേക്കു തിരിയുകയും വേണം: എങ്ങനെ നാം

മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും നാം ശ്രദ്ധിക്കണം. ശരിയായ വ്യക്തികളുമായി നാം ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ, തീർച്ചയായും നാം ശരിയായ ഫലം ഉളവാക്കും. ഇത് ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശത്തിന്റെ പൂർണ്ണാസ്വാദനത്തിൽ നമ്മെ സൂക്ഷിക്കും.

## L. ബോവസ്

ബോവസിന്റെ സംഭവം നാം അറിയണമെങ്കിൽ, നാം രൂത്തിന്റെ പുസ്തകം വായിക്കണം. അതൊരു നല്ല കഥയാണ്. ബോവസ് ക്രിസ്തുവിന്റെ ഒരു മുൻകുറിയും, രൂത്ത് സഭയുടെ ഒരു മുൻകുറിയും ആണ്. ബോവസ് രൂത്തിനെ വീണ്ടെടുത്തുവെന്ന് രൂത്തിന്റെ പുസ്തകം നമ്മോടു പറയുന്നു; അവൾക്കുവേണ്ടി അവളുടെ ജ്യേഷ്ഠാവകാശവും അവൻ വീണ്ടെടുത്തു. നമ്മുടെ യഥാർഥ ബോവസായ ക്രിസ്തു നമ്മെയും നമ്മുടെ ജ്യേഷ്ഠാവകാശത്തെയും വീണ്ടെടുത്തിരിക്കുന്നുവെന്നാണ് ഇത് അർഥമാക്കുന്നത്.

ബോവസ് തന്റെ ചാർച്ചക്കാരന്റെ അവകാശം വീണ്ടെടുക്കുകയും ആ മനുഷ്യന്റെ വിധവയെ വിവാഹം കഴിക്കുകയും ചെയ്തു (രൂത്ത് 4:1-17); തന്മൂലം, അവൻ ക്രിസ്തുവിന്റെ ഒരു പ്രധാന പൂർവപിതാവ്, ക്രിസ്തുവിന്റെ ഒരു ശ്രേഷ്ഠ ബന്ധു, ആയിത്തീർന്നു. ഒരു സഹോദരനും ഒരു ബോവസുമെന്ന നിലയിൽ നിങ്ങളുടെ സ്വന്തം ജ്യേഷ്ഠാവകാശം മാത്രമല്ല, നിങ്ങൾ മറ്റുള്ളവരുടെ ജ്യേഷ്ഠാവകാശത്തിനു വേണ്ടിയും കരുതണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിലുള്ള നിങ്ങളുടെ സ്വന്തം ആസ്വാദനത്തിനുവേണ്ടി മാത്രം കരുതാതെ, മറ്റുള്ളവരുടെ ക്രിസ്തുവിലുള്ള ആസ്വാദനത്തിനു വേണ്ടിയും നാം കരുതണം.

നവോമിയുടെ മരുമകളായിരുന്നു രൂത്ത്. ഈ സംഭവം നാം വായിക്കുമ്പോൾ, രൂത്തും നവോമിയും ജ്യേഷ്ഠാവകാശമായ ആസ്വാദനം നഷ്ടപ്പെടുത്തിയെങ്കിലും, ദൈവത്തിന്റെ ചട്ടമനുസരിച്ച് ജ്യേഷ്ഠാവകാശം പുനഃസ്ഥാപിക്കുവാൻ, അതിനെ വീണ്ടെടുക്കുവാൻ, ഒരു മാർഗം ഉണ്ടായിരുന്നുവെന്നു നാം കാണുന്നു. എന്നാൽ അത് മറ്റൊരുവനാൽ വീണ്ടെടുക്കപ്പെടണമായിരുന്നു. ഇന്ന് സഭാജീവിതത്തിലും തത്ത്വം ഇതു തന്നെയാണ്. ഞാൻ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തുന്നുവെങ്കിൽ, എനിക്കുവേണ്ടി അതിനെ വീണ്ടെടുക്കുവാൻ സഹോദരന്മാർക്ക് ഒരു വഴിയുണ്ട്. പലപ്പോഴും, പ്രിയപ്പെട്ട ചിലർ ക്രിസ്തുവിന്റെ ആസ്വാദനം നഷ്ടപ്പെടുത്തുന്നു. ഒരർഥത്തിൽ അവർ നവോമിയോ രൂത്തോ ആയിത്തീരുന്നു. അങ്ങനെ വരുമ്പോൾ, നഷ്ടപ്പെട്ട ജ്യേഷ്ഠാവകാശം വീണ്ടെടുക്കുവാനും വീണ്ടെടുക്കപ്പെട്ടവളെ വിവാഹം കഴിക്കുവാനും നിങ്ങൾ ഒരു ബോവസായിരിക്കേണ്ട ആവശ്യമുണ്ട്.

തന്റെ ഭർത്താവിനെ നഷ്ടപ്പെട്ട ഒരു യഥാർഥ രൂത്താണ് ഞാനെന്നു സങ്കല്പിക്കുക. ഭർത്താവിനെ നഷ്ടപ്പെടുത്തുകയെന്നാൽ

ജ്യേഷ്ഠാവകാശത്തിന്റെ ആസ്വാദനം നഷ്ടപ്പെടുത്തുക എന്നാണ് അർഥമാക്കുന്നത്. എനിക്ക് ജ്യേഷ്ഠാവകാശമുണ്ട്, എന്നാൽ ഞാൻ ജ്യേഷ്ഠാവകാശത്തിന്റെ ആസ്വാദനം നഷ്ടപ്പെടുത്തി. അങ്ങനെ, എന്റെ ജ്യേഷ്ഠാവകാശം വീണ്ടെടുക്കുവാൻ നിങ്ങളെ എന്റെ സഹോദരനായി എനിക്കാവശ്യമുണ്ട്. എന്നാൽ നിങ്ങൾ ക്രിസ്തുവിൽ ഏറെക്കുറെ സമ്പന്നനായിരിക്കേണ്ടതാവശ്യമാണ്. എന്റെ ജ്യേഷ്ഠാവകാശം വീണ്ടെടുക്കേണ്ടതിന് ആവശ്യമായ ചില സമ്പത്ത് നിങ്ങൾക്കുണ്ടായിരിക്കണം. അപ്പോൾ എന്റെ ജ്യേഷ്ഠാവകാശം തിരികെ നേടുവാൻ നിങ്ങൾ വിലകൊടുക്കുകയും, നിങ്ങൾ എന്നെ വിവാഹം കഴിക്കുകയും ചെയ്യുന്നു. നിങ്ങൾ ഞാനുമായി ബന്ധമുള്ളവനായിത്തീരുന്നു എന്നാണ് ഇത് അർഥമാക്കുന്നത്. ഇത്തരത്തിലുള്ള ആത്മിക പങ്കാളിത്തം ദാവീദിന്റെ മുത്തച്ഛനായ ഓബേദിനെ ഉളവാക്കും. ബോവസ് ക്രിസ്തുവിന്റെ വലിയ മുത്തച്ഛന്മാരിൽ ഒരുവനായിത്തീർന്നു. ആത്മികമായ അർഥത്തിൽ, അവൻ ക്രിസ്തുവിന്റെ വലുതും സമ്പന്നവുമായ പങ്ക് ആസ്വദിച്ച ഒരുവനായിരുന്നു. ഒരു സഹോദരൻ എനിക്ക് ഒരു ബോവസായിത്തീരുന്നുവെങ്കിൽ, അവൻ ക്രിസ്തുവിന്റെ ഏറ്റവും വലിയ ആസ്വാദനത്തോടുകൂടെയുള്ള ഒരുവനായിരിക്കും. അവൻ എന്റെ ജ്യേഷ്ഠാവകാശം വീണ്ടെടുക്കുകയും ഞാനുമായി വളരെ ബന്ധപ്പെട്ടിരിക്കുകയും ചെയ്യതുകൊണ്ട് കർത്താവിലുള്ള ഞങ്ങളുടെ പങ്കാളിത്തം ഒടുവിൽ ക്രിസ്തുവിലുള്ള പൂർണ്ണാസ്വാദനത്തെ ഉളവാക്കും.

ഇന്ന് സഭാജീവിതത്തിൽ നമുക്ക് നിരവധി ബോവസുമാർ ആവശ്യമാണ്. ബോവസിനെക്കാൾ രൂത്തിനോട് കൂടുതൽ അടുത്ത മറ്റൊരു ചാർച്ചക്കാരൻ ഉണ്ടായിരുന്നതായി രൂത്തിന്റെ പുസ്തകം നമ്മോടു പറയുന്നു. എന്നാൽ ആ മനുഷ്യൻ സ്വാർഥനായിരുന്നു: അവൻ തന്റെ സ്വന്തം ജ്യേഷ്ഠാവകാശത്തിനുവേണ്ടി മാത്രമേ കരുതിയുള്ളൂ. മറ്റുള്ളവരുടേതിനുവേണ്ടി കരുതുന്നുവെങ്കിൽ തന്റെ സ്വന്തമായത് നഷ്ടമായേക്കുമെന്ന് അവൻ ഭയന്നു. കൃത്യമായും ഇതു തന്നെയാണ് ഇന്നത്തെ സാഹചര്യം. ചില വിശുദ്ധന്മാർ പാവപ്പെട്ട രൂത്തായ എന്നെ കരുതുന്നവരായിരിക്കണമെങ്കിലും അവർ ക്രിസ്തുവിലുള്ള ആത്മികാസ്വാദനത്തിൽ സ്വാർഥരാണ്. ക്രിസ്തുവിന്റെ ആത്മികാസ്വാദനത്തിൽപോലും സ്വർഥരായിരിക്കുവാൻ തികച്ചും സാധ്യമാണ്. എന്നാൽ, ഒരു ബോവസ് ഉദാരമനസ്കനായിരിക്കുകയും എന്റെ ജ്യേഷ്ഠാവകാശം വീണ്ടെടുക്കുവാൻ വിലകൊടുക്കുകയും ചെയ്യും. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, നമ്മുടെ ജ്യേഷ്ഠാവകാശത്തെ മാത്രമല്ല, മറ്റുള്ളവരുടെ ജ്യേഷ്ഠാവകാശത്തെയും നാം കരുതുന്നവരായിരിക്കണം എന്നാണ്. ദിനംപ്രതി നാം ക്രിസ്തുവിലുള്ള മറ്റുള്ളവരുടെ ആസ്വാദനത്തെ കരുതണം. നാം ഇത് എത്രയധികം ചെയ്യുന്നുവോ അത്രയും നല്ലത്.

## M. രൂത്ത്

ഇനി നാം രൂത്തിലേക്കു വരുന്നു (1:5). രൂത്ത് തീർച്ചയായും ഒരു നല്ല സ്ത്രീ ആയിരുന്നുവെന്ന് നാം പറഞ്ഞേക്കാം, എന്നാൽ അവൾക്ക് ഒരു വലിയ കുറവുണ്ടായിരുന്നു. അവൾ നിഷിദ്ധബന്ധത്തിൽ ഏർപ്പെട്ടില്ലെങ്കിലും, അവളുടെ ഉത്ഭവം നിഷിദ്ധബന്ധത്തിന്റെ ഒരു കാര്യമായിരുന്നു. രൂത്ത് മോവാബ് ഗോത്രത്തിൽ നിന്നുള്ളവ ളായിരുന്നു (രൂത്ത് 1:4). മോവാബ് ലോത്തിന്റെ മകനായിരുന്നു, തന്റെ മകളുമായുള്ള നിഷിദ്ധബന്ധത്തിന്റെ ഫലമായിരുന്നു മോവാബ് (ഉല്പ. 19:30-38). ആവർത്തനപുസ്തകം 23:3 അനുസരിച്ച്, മോവാബ്യർ യഹോവയുടെ സഭയിൽ പ്രവേശിക്കുന്നത് പത്താം തലമുറവരെ വിലക്കപ്പെട്ടിരുന്നു. അങ്ങനെ, രൂത്ത് ഒഴിവാക്കപ്പെട്ട ഒരുവളായിരുന്നു. എങ്കിലും, അവളെ കർത്താവ് സ്വീകരിച്ചുവെന്നു മാത്രമല്ല, അവൾ ക്രിസ്തുവിന്റെ ആസ്വാദനത്തിൽ പങ്കുകൊണ്ട ഒരു അത്ഭുത വ്യക്തിയായിത്തീരുകയും ചെയ്തു.

ഒരു മോവാബ്യസ്ത്രീ എന്ന നിലയിൽ യഹോവയുടെ സഭയിൽ പ്രവേശിക്കുന്നതിന് അനുവാദമില്ലായിരുന്നില്ലെങ്കിലും, അവൾ ദൈവത്തെയും ദൈവത്തിന്റെ ജനത്തെയും അന്വേഷിക്കുകയായി രുന്നു (രൂത്ത് 1:15-17; 2:11-12). ഏറ്റവും പ്രബലമായ ഒരു തത്ത്വം ഇതു വെളിപ്പെടുത്തുന്നു: നാം ആരായിരുന്നാലും, നമ്മുടെ പശ്ചാത്തലം എന്തായിരുന്നാലും, ദൈവത്തെയും ദൈവത്തിന്റെ ജനത്തെയും അന്വേഷിക്കുന്ന ഒരു ഹൃദയം നമുക്കുണ്ടായിരിക്കു ന്നിടത്തോളം ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശത്തിലേക്ക് സ്വീകരിക്കപ്പെ ടാനുള്ള ഒരു സ്ഥാനത്താണ് നാം നിൽക്കുന്നത്. ദൈവത്തിന്റെ ജനത്തിനിടയിൽ ഒരു ദൈവഭക്തനായ ബോവസിനെ രൂത്ത് വിവാഹം കഴിക്കുകയും ദാവീദ് രാജാവിന്റെ മുത്തച്ഛനായ ഓബേദിനെ ഉളവാക്കുകയും ചെയ്തു.

ബോവസിന്റെ അമ്മയായ രഹാബ് ഒരു കനാന്യ സ്ത്രീയും അവന്റെ ഭാര്യയായ രൂത്ത് ഒരു മോവാബ്യ സ്ത്രീയും ആയിരുന്നു. എന്നിരുന്നാലും, അവർ ക്രിസ്തുവുമായി ബന്ധമുള്ളവരായിരുന്നു. ക്രിസ്തു യെഹൂദന്മാരോടു മാത്രമല്ല, ജാതികളോടും, താണവരും ഹീനമായ നിലയിലുള്ളവരുമായിപോലും ചേർന്നിരിക്കുന്നു എന്നതിന്റെ ശക്തമായ ഒരു തെളിവാണിത്.

**നിങ്ങൾ ദരിദ്രമായ ഒരു കുലത്തിൽ ജനിക്കുകയും പരിതാപകരമായ ഒരു പശ്ചാത്തലം ഉള്ളവനായിരിക്കുകയും ചെയ്തേക്കാം, എന്നാൽ അതിനാൽ നിങ്ങൾ വിഷമിക്കുകയോ നിരാശപ്പെടുകയോ ചെയ്യരുത്. അതിനെ മറക്കുക! മറ്റൊന്നിനും മോവാബിൽനിന്നു ജനിക്കുന്ന തിനെക്കാൾ മോശമായിരിക്കുവാൻ കഴിയുകയില്ല. ദൈവത്തെയും ദൈവത്തിന്റെ ജനത്തെയും അന്വേഷിക്കുന്ന ഒരു ഹൃദയം നിങ്ങൾക്ക് ഉണ്ടായിരിക്കുന്നിടത്തോളവും, ബോവസിനെപ്പോലെയുള്ള**

ശരിയായ വ്യക്തിയുമായി നിങ്ങൾ ബന്ധത്തിലായിരിക്കുന്നിടത്തോളവും, ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ഇരട്ടി പങ്കിലേക്ക് നിങ്ങൾ പ്രവേശിക്കും.

## N. യിശ്ശായി

തുടർന്ന് നാം യിശ്ശായിയിലേക്കു പോകുന്നു (വാ. 5-6). യിശ്ശായിയെക്കുറിച്ച് വേദപുസ്തകത്തിന് വളരെയൊന്നും പറയാനില്ലെങ്കിലും, അവനെക്കുറിച്ച് അതു പറയുന്നത് വളരെ പ്രധാനമാണ്. യിശ്ശായിയെ സംബന്ധിച്ച് യെശയ്യാവ് പതിനൊന്നാം അധ്യായം രണ്ടു പ്രാവശ്യം സംസാരിക്കുന്നു. ക്രിസ്തു യിശ്ശായിയുടെ കുറ്റിയിൽനിന്നുള്ള മുളയും അവന്റെ വേരിൽനിന്നുള്ള ഒരു കൊമ്പും ആയിരിക്കുമെന്ന് യെശയ്യാവ് 11:1 പറയുന്നു. ക്രിസ്തു അവനിൽനിന്നു വന്നു. ക്രിസ്തു യിശ്ശായിയുടെ വേരാണെന്ന് യെശയ്യാവ് 11:10 പറയുന്നു; യിശ്ശായി ക്രിസ്തുവിൽനിന്നു വന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. യിശ്ശായി മൊത്തത്തിൽ ക്രിസ്തുവിൽനിന്നു വന്ന ഒരു മനുഷ്യനാണ്; അവൻ ക്രിസ്തുവിനെ ഉളവാക്കുന്ന ഒരു വ്യക്തിയും ആണ്. ക്രിസ്തു അവനിൽനിന്നു വരുകയും, അവൻ ക്രിസ്തുവിൽനിന്നു വരുകയും ചെയ്യുന്നു. ക്രിസ്തു അവന്റെ കൊമ്പും ക്രിസ്തു അവന്റെ വേരും ആയിരുന്നു. ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് കർത്താവിൽനിന്നുള്ള വെളിച്ചം ആവശ്യമാണ്.

എന്താണ് ഒരു യിശ്ശായി? ക്രിസ്തുവിനെ ഉളവാക്കുന്നവനും, ക്രിസ്തുവിൽ വേരൂന്നിക്കൊണ്ട് ക്രിസ്തുവിനെ ശാഖയിടുന്നവനുമായ ഒരു വ്യക്തിയാണ് ഒരു യിശ്ശായി. നിങ്ങൾ ക്രിസ്തുവിനെ ശാഖയിടുമ്പോൾ ക്രിസ്തു നിങ്ങളുടെ ശാഖ മാത്രമല്ല, നിങ്ങളുടെ വേരുമാണെന്നത് മറക്കരുത്. ക്രിസ്തു നിങ്ങളിൽനിന്നു ശാഖയിടുകയും, നിങ്ങൾ ക്രിസ്തുവിൽനിന്നു പുറത്തേക്കു വരുകയും ചെയ്യുന്നു. ക്രിസ്തു നമ്മുടെ ഉറവിടവും, ക്രിസ്തു നമ്മുടെ ഫലവും ആണ്. നാം ക്രിസ്തുവുമായി ഒന്നാണെന്നും അവനുമായി വളരെ അടുത്ത ബന്ധമുള്ളവരാണെന്നും ഇത് അർഥമാക്കുന്നു. നാം അവനിലും അവൻ നമ്മിലും ആണ്. അവൻ നമ്മിൽനിന്നു വരുകയും നാം അവനിൽ വേരൂന്നിയിരിക്കുകയും ചെയ്യുന്നു. ഇത്തരം വ്യക്തിയാണ് ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശം ആസ്വദിക്കുന്നത്.

നാം എല്ലാവരും ഒരു ബോവസും, ഒരു രൂത്തും, ഒരു യിശ്ശായിയും, ഒരു താമാറും ആയിരിക്കണം. നാം ഈ വ്യക്തിയും ആ വ്യക്തിയും ആയിരിക്കേണ്ടതാവശ്യമാണ്. ഒടുവിൽ നാം പറയും, "എല്ലാവർക്കുമായി കർത്താവിനെ സ്തുതിക്കുന്നു! എല്ലാവരുടെയും അവസ്ഥ എന്റേതു പോലെ തന്നെയാണ്. താമാറിന്റെ അവസ്ഥ എന്റെയും അവസ്ഥയാണ്. നല്ല അവസ്ഥകളും മോശം

അവസ്ഥകളും എല്ലാം എന്റേതുപോലെ തന്നെയാണ്. ഞാൻ താമാറും, പാരെസും, രഹാബും, ബോവസും, രൂത്തും, യിശ്ശായിയും ആണ്. ഹല്ലേലൂയ്യാ!" യിശ്ശായിക്കു ശേഷം ഒടുവിൽ നാം ദാവീദാണ്.

## O. ദാവീദ്

ഏറ്റവും ഇളയ മകനായ ദാവീദ് തന്റെ അപ്പന്റെ എട്ടാമത്തെ മകനായിരുന്നു. ഇത് വളരെ അർഥവത്താണ്. വേദപുസ്തകത്തിൽ എട്ട് എന്ന സംഖ്യ സൂചിപ്പിക്കുന്നത് പുനരുത്ഥാനത്തെ, ഒരു പുതിയ തുടക്കത്തെ ആണ്. എട്ടാം ദിവസം രണ്ടാമത്തെ ആഴ്ചയുടെ ഒന്നാം ദിവസമാണ്; ഇക്കാരണത്താൽ അത് പുതിയ ഒന്നിനെ, പുനരുത്ഥാനത്തിന്റേതായ ഒന്നിനെ സൂചിപ്പിക്കുന്നു. ശമൂവേൽ ദൈവജനത്തിന്റെ രാജാവിനെ അഭിഷേകം ചെയ്യുവാൻ വന്നപ്പോൾ യിശ്ശായി തന്റെ ഏഴു പുത്രന്മാരെ മുമ്പിൽ കൊണ്ടുവന്നു. ശമൂവേൽ അവരെ നോക്കിയിട്ട് പറഞ്ഞു, "യഹോവ ഇവരെ തിരഞ്ഞെടുത്തിട്ടില്ല." ദാവീദ് എന്ന ഒരു എട്ടാമൻ ഉണ്ടെന്ന് ശമൂവേൽ മനസ്സിലാക്കിയപ്പോൾ അവനുവേണ്ടി അവൻ ആളെ അയയ്ക്കുകയും ദാവീദിനെ അഭിഷേകം ചെയ്യുകയും ചെയ്തു (1 ശമൂ. 16:10-13). ഇത് അർഥമാക്കുന്നത് തിരഞ്ഞെടുക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരുമായ നാം ഒന്നാമത്തെ ആഴ്ചയിലുള്ളവരല്ല, പിന്നെയോ രണ്ടാമത്തെ ആഴ്ചയിലെ ഒന്നാം ദിവസക്കാരാകുന്നു എന്നാണ്. നാം എട്ടാമത്തെ കുട്ടിയാണ്.

ദാവീദ് പതിന്നാലു തലമുറകളുള്ള പിതാക്കന്മാരുടെ തലമുറകളിലെ ഒടുക്കത്തവനായിരുന്നു. ക്രിസ്തുവിന്റെ വംശാവലിയിലെ പിതാക്കന്മാരുടെ ഭാഗത്തിന്റെ പരിസമാപ്തിയായിരുന്നു ദാവീദ്.

രാജാക്കന്മാരുടെ തലമുറകളിലെ ഒന്നാമനും ദാവീദായിരുന്നു. ഈ വംശാവലിയിൽ ദാവീദിനെ മാത്രമാണ് "രാജാവ്" എന്നു പറഞ്ഞിരിക്കുന്നത്, കാരണം അവനിലൂടെയായിരുന്നു രാജത്വത്തോടുകൂടെയുള്ള രാജ്യം കൊണ്ടുവരപ്പെട്ടത്. അവൻ ഒരു ഭാഗത്തിന്റെ ഒടുക്കത്തവനും അടുത്ത ഭാഗത്തിന്റെ തുടക്കക്കാരനും ആയിരുന്നു. അവൻ രണ്ടു യുഗങ്ങളുടെ അതിരടയാളമാണ്. അവൻ ക്രിസ്തുവിന്റെ ആസ്വാദനത്തിൽ വളരെയധികം ഉള്ളവനായിരുന്നതുകൊണ്ട് അവൻ ഒന്നിന്റെ അവസാനവും മറ്റൊന്നിന്റെ ആരംഭവും ആയിരുന്നു. നമുക്ക് ക്രിസ്തുവിന്റെ സമ്പന്നമായ ആസ്വാദനം ഉണ്ടായിരിക്കണമെങ്കിൽ, നാം പലപ്പോഴും ഒരു സാഹചര്യത്തിന്റെ അവസാനവും മറ്റൊരു സാഹചര്യത്തിന്റെ തുടക്കവും ആയിരിക്കേണ്ടത് ആവശ്യമാണ്. എങ്കിലും, അനേകം പ്രിയപ്പെട്ടവർക്കും അവസാനമോ ആരംഭമോ ആയിരിക്കുവാൻ കഴിയുകയില്ല. ഒടുവിൽ, അവർ ഒന്നുമല്ല. സഭാജീവിതത്തിൽ നമുക്ക് ചില ദാവീദുമാരെ, ചില സാഹചര്യങ്ങളെ

ഉപസംഹരിക്കുവാനും മറ്റു സാഹചര്യങ്ങളെ തുറക്കുവാനും ശക്തന്മാരായ ചിലരെ ആവശ്യമുണ്ട്. പിതാക്കന്മാരുടെ തലമുറയെ അവസാനിപ്പിക്കുവാനും രാജാക്കന്മാരുടെ തലമുറയെ തുറക്കുവാനും നമുക്ക് ഒരുവനെ ആവശ്യമാണ്. നാം ശക്തന്മാരായിരിക്കണം; നാം എട്ടാമത്തെ പുത്രനായിരിക്കണം; നാം ദാവീദായിരിക്കണം.

ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനായിരുന്നു (1 ശമൂ. 13:14). തന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനെ താൻ കണ്ടെത്തിയിരിക്കുന്നതുകൊണ്ട് താൻ അവനെ ശൗലിനു പരകംവയ്ക്കുമെന്ന് ദൈവം തന്നെ ശൗലിനോടു പറഞ്ഞു. തന്റെ മുഴുവൻ ജീവിതത്തിൽ ഒരു മനുഷ്യനെ കൊല്ലുകയും അവന്റെ ഭാര്യയെ എടുക്കുകയും ചെയ്യുവെന്ന ഒരു വലിയ പാപമൊഴികെ ദാവീദ് തെറ്റായ യാതൊന്നും ചെയ്തില്ല. ഒരു പ്രവൃത്തിയിൽ കൊലപാതകം, വ്യഭിചാരം എന്നീ രണ്ടു പാപങ്ങൾ ദാവീദ് ചെയ്തു. ഇതിനെ ദൈവംതന്നെ കുറ്റംവിധിച്ചു. ഈ ഒരു കാര്യമൊഴികെ, അവന്റെ ആയുഷ്കാലം മുഴുവനും ദാവീദ് കർത്താവിന്റെ ദൃഷ്ടിയിൽ ശരിയായതു ചെയ്യുവെന്ന് വേദപുസ്തകം പറയുന്നു (1 രാജാ. 15:5).

## P. ഊരിയാവിന്റെ ഭാര്യ (ബത്ത്-ശേബ)

ദാവീദ് ഊരിയാവിനെ കൊല്ലുകയും അവന്റെ ഭാര്യയായ ബത്ത്-ശേബയെ എടുക്കുകയും ചെയ്തു. അവൾ ഒരു ജാതീയനായ ഒരു ഹിത്യന്റെ ഭാര്യയായിരുന്നു (2 ശമൂ. 11:3). വ്യഭിചാരം നിമിത്തം അവൾ പുനർവിവാഹം കഴിച്ചു (2 ശമൂ. 11:26-27).

## Q. ശലോമോൻ

ദാവീദ് കൊലപാതകവും വ്യഭിചാരവും ചെയ്തതിനുശേഷം, അവനെ കുറ്റം വിധിക്കേണ്ടതിന് ദൈവത്താൽ മനഃപൂർവം അയയ്ക്കപ്പെട്ടിട്ട് നാഥാൻ പ്രവാചകൻ അവനെ ശാസിച്ചു (2 ശമൂ. 12:1-12). കുറ്റംവിധിക്കപ്പെട്ടതിനുശേഷം ദാവീദ് അനുതപിച്ചു. സങ്കീർത്തനം 51 ദാവീദിന്റെ അനുതാപ സങ്കീർത്തനമാണ്. ദാവീദ് അനുതപിക്കുകയും ദൈവം ക്ഷമിക്കുകയും ചെയ്തു (2 ശമൂ. 12:13). അനുതാപവും ഉണ്ടായിരുന്നു ക്ഷമയും ഉണ്ടായിരുന്നു. മൊത്തത്തിൽ നമുക്ക് മൂന്നു കാര്യങ്ങളുണ്ട്: ലംഘനവും അനുതാപവും പാപക്ഷമയും. ഇവ മൂന്നിനെയും നാം ഒന്നിച്ചു വയ്ക്കുന്നുവെങ്കിൽ, ഫലം ശലോമോനാണ്. ആദ്യം ലംഘനമുണ്ടായിരുന്നു, അതോടുകൂടെ അനുതാപവും ക്ഷമയും ഉണ്ടായിരുന്നു. അതിനുശേഷം ദൈവത്തിന്റെ ആലയം പണിതവനായ ശലോമോൻ ഉണ്ടായിരുന്നു (2 ശമൂ. 12:24). ശലോമോൻ ലംഘനത്തിന്റെയും അനുതാപത്തിന്റെയും

മാത്രം ഫലമല്ല, ലംഘനത്തിന്റെയും, അനുതാപത്തിന്റെയും, ദൈവത്തിന്റെ ക്ഷമയുടെയും ഫലമാണ്. ഇവിടെ നാം രണ്ടു വിവാഹങ്ങൾ കാണുന്നു. ഒന്നാമത്തേത് ദാവീദും ബത്ത്-ശേബയും തമ്മിലുള്ള വിവാഹമായിരുന്നു. രണ്ടാമത്തേത് ഒരു ആത്മിക വിവാഹമായിരുന്നു, ദൈവത്തിന്റെ ക്ഷമയോടുകൂടെയുള്ള ദാവീദിന്റെ ലംഘനത്തിന്റെയും മാനസാന്തരത്തിന്റെയും വിവാഹം. ദൈവത്തിന്റെ ക്ഷമ ദാവീദിന്റെ ലംഘനത്തെയും മാനസാന്തരത്തെയും വിവാഹം കഴിച്ചു. ഈ വിവാഹം ദൈവത്തിന്റെ ആലയം പണിത ശലോമോൻ എന്നു പേരുള്ള മനുഷ്യനെ ഉളവാക്കി. സഭ എപ്പോഴും മനുഷ്യന്റെ ലംഘനത്തിന്റെയും മാനസാന്തരത്തിന്റെയുംകൂടെ ദൈവത്തിന്റെ ക്ഷമയുടെ ഫലമായ ശലോമോൻ എന്ന ഇത്തരത്തിലുള്ള വ്യക്തിയാൽ പണിയപ്പെടുന്നു.

ദാവീദ് ദൈവത്തിന്റെ ക്ഷമ സ്വീകരിക്കുകയും തന്റെ രക്ഷയുടെ സന്തോഷം തിരികെ പ്രാപിക്കുകയും ചെയ്തതിനുശേഷം, അവൻ സീയോനുവേണ്ടി, യെരൂശലേമിന്റെ മതിലുകളുടെ നിർമ്മാണത്തിനുവേണ്ടി, രാജ്യത്തിന്റെ ബലപ്പെടുത്തലിനുവേണ്ടി പ്രാർഥിച്ചു (സങ്കീ. 51:18). ഒടുവിൽ ദൈവത്തിന്റെ പാപക്ഷമയുടെ ഫലമായി, യെരൂശലേം നഗരത്തിന്റെ കേന്ദ്രമായി ദൈവത്തിന്റെ സാന്നിധ്യത്തിനുവേണ്ടി ദൈവാലയം പണിയുവാൻ ദൈവം അവന് ഒരു മകനെ നൽകി.

മനുഷ്യ വാക്കുകൾക്ക് പറയുവാൻ കഴിയാത്തത് കർത്താവ് നിങ്ങളെ കാണിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നിങ്ങൾ മറ്റുള്ളവരെ കൊന്നിട്ടില്ലാത്തവനും, ഒരിക്കലും ലംഘനം നടത്താത്തവനും, മാനസാന്തരപ്പെടാൻ ആവശ്യമില്ലാത്തവനുമായ ലക്ഷണമൊത്ത ഒരു നല്ല മനുഷ്യനായിരുന്നവനും, ഇപ്പോഴും അങ്ങനെ ആയിരിക്കുന്നവനുമാണെങ്കിൽ, ദൈവം നിങ്ങളോട് ക്ഷമിക്കേണ്ട ആവശ്യമില്ല. ഇങ്ങനെയാണെങ്കിൽ, ഒരിക്കലും ഒരു ശലോമോൻ ഉണ്ടായിരിക്കുകയില്ല, ദൈവാലയം ഒരിക്കലും പണിയപ്പെടുകയുമില്ല. നാം കണ്ടതുപോലെ ദൈവാലയത്തിന്റെ കെട്ടുപണി വരുന്നത് മനുഷ്യന്റെ ലംഘനത്തോടും മാനസാന്തരത്തോടുംകൂടെ ദൈവത്തിന്റെ ക്ഷമയിൽനിന്നാണ്.

ഒരു ദിവസം ഞാൻ കർത്താവിനോടു പറഞ്ഞു, "കർത്താവേ, എന്റെ ലംഘനത്തിനും മാനസാന്തരത്തിനും നിന്റെ ക്ഷമ ആവശ്യമാണ്. എന്നാൽ കർത്താവേ, നിന്റെ ക്ഷമയ്ക്ക് എന്റെ ലംഘനവും ആവശ്യമാണെന്ന് എന്നെക്കാൾ നന്നായി നീ അറിയുന്നു. എന്റെ ലംഘനത്തിന് നിന്റെ ക്ഷമയും, നിന്റെ ക്ഷമയ്ക്ക് എന്റെ ലംഘനവും ആവശ്യമാണ്. എനിക്ക് ലംഘനങ്ങളൊന്നുമില്ലെങ്കിൽ, നിന്റെ ക്ഷമ ചെലവാക്കാനുള്ള ഒരു സ്ഥലം നിനക്കില്ല." ഞാൻ ഇത് കർത്താവിനോടു പറഞ്ഞപ്പോൾ, "അതെ.

നിന്റെ ലംഘനവും മാനസാന്തരവും നിമിത്തം, എന്റെ ക്ഷമ ചെലവാക്കുവാൻ എനിക്ക് ഒരു അവസരമുണ്ട്. ഇതിനെക്കുറിച്ച് ഞാൻ സന്തുഷ്ടനാണ്" എന്ന് അവൻ പറഞ്ഞതായി തോന്നി. എന്നാൽ "നന്മ വരേണ്ടതിന് നാം പാപം ചെയ്തുകൊണ്ടിരിക്കുക" എന്നൊരിക്കലും നിങ്ങൾ പറയരുത്. നിങ്ങളാലാവോളം നിങ്ങൾ നല്ലതു ചെയ്യണം. കർത്താവിന്റെ ദൃഷ്ടിയിൽ സകലവും ശരിയായിരിക്കുവാൻ നിങ്ങൾ എത്ര കഠിനമായി ശ്രമിച്ചാലും, ഇന്നല്ലെങ്കിൽ നാളെ ചിലതു സംഭവിക്കും. ഉടനെ, നിങ്ങൾ കൊല്ലുകയും, മറ്റുള്ളവരുടെ സ്ഥാനം ഏറ്റെടുക്കുകയും, ലംഘനം നടത്തുകയും ചെയ്യും. എങ്കിലും, നിങ്ങൾ ലംഘനം നടത്തിയശേഷം മാനസാന്തരപ്പെടാനുള്ള ഒരു വഴി ഉണ്ടായിരിക്കും. നിങ്ങൾ മാനസാന്തരപ്പെടുന്നുവെങ്കിൽ, നിങ്ങളോടു ക്ഷമിക്കുവാൻ ദൈവം ഒരുക്കമുള്ളവനായിരിക്കും. അപ്പോൾ നിങ്ങൾ ഒരു മകനെ ജനിപ്പിക്കുകയും അവന് ശലോമോൻ എന്നു പേരിടുകയും ചെയ്യും. ശലോമോൻ എന്ന പേര് അർഥമാക്കുന്നത് "സമാധാനമുള്ളവൻ" എന്നാണ് (2 ശമൂ. 12:24; 1 ദിന. 22:9). എന്നാൽ ശലോമോന് "യെദീദ്യാവ്" എന്ന മറ്റൊരു പേരുണ്ടായിരുന്നു (2 ശമൂ. 12:25); അതിന്റെ അർഥം "യഹോവയുടെ പ്രിയൻ" എന്നാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം ശലോമോൻ അർഥമാക്കുന്നത് "സമാധാനമുള്ളവൻ" എന്നും, എന്നാൽ കർത്താവിനെ സംബന്ധിച്ചിടത്തോളം അവൻ അർഥമാക്കുന്നത് "യഹോവയുടെ പ്രിയൻ" എന്നുമാണ്. ഈ മകനായിരിക്കും ഇന്നത്തെ സഭയായ ദൈവത്തിന്റെ ആലയം പണിയുന്നത്.

നാം എല്ലാ സമയത്തും ദൈവത്തിന്റെ ദൃഷ്ടിയിൽ ശരിയായിരിക്കണം. എന്നാൽ നിങ്ങൾ ശരിയായിരിക്കുന്നത് സഭ പണിയുന്നതിന് നല്ലതല്ല എന്ന നിശ്ചയമുള്ളവരായിരിക്കുക. എങ്കിലും, "ഞാൻ തെറ്റു ചെയ്യട്ടെ!" എന്നു നിങ്ങൾ പറയരുത്. തെറ്റിപ്പോകുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽപോലും, തെറ്റു ചെയ്യുവാൻ നിങ്ങൾക്കു കഴിയുന്നില്ല എന്നു നിങ്ങൾ കണ്ടെത്തും. ഇത് എന്തുതരം സർവാധികാരമാണെന്ന് എനിക്കറിയില്ല. എന്നാൽ ഒരു ദിവസം നിങ്ങൾ ഭയങ്കരമായ ചിലതു ചെയ്യും. എല്ലാ സഹോദരന്മാരും അവരുടെ തലകൾ കുലുക്കുകയും ഇങ്ങനെയുള്ള ഒരു കാര്യം ചെയ്യുവാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞുവെന്ന് വിശ്വസിക്കുവാൻ കഴിയാതിരിക്കുകയും ചെയ്യും. എന്നിരുന്നാലും, നിങ്ങൾ അത് ചെയ്തിരിക്കുന്നു! അപ്പോൾ നിങ്ങൾ സങ്കീർത്തനം 51 വായിക്കുകയും, അതിനെ നിങ്ങളുടെ സങ്കീർത്തനമാക്കുകയും, "കർത്താവേ, ഞാൻ അനുതപിക്കുന്നു. നിനക്കെതിരെ, നിനക്കെതിരെ മാത്രം ഞാൻ ഈ ദുഷ്ടകാര്യം ചെയ്തു. എന്നോട് ക്ഷമിക്കേണമേ" എന്നു പറഞ്ഞുകൊണ്ട് കർത്താവിന്റെ അടുക്കൽ പോകുകയും ചെയ്യുന്നു. ഈ മാനസാന്തരത്തിനു ശേഷം

നിങ്ങൾക്ക് മറ്റൊരു വിവാഹം, ദൈവത്തിന്റെ ക്ഷമയോടുകൂടെയുള്ള നിങ്ങളുടെ ലംഘനത്തിന്റെയും മാനസാന്തരത്തിന്റെയും വിവാഹം ഉണ്ടായിരിക്കും. ഇത് നിങ്ങൾക്ക് സമാധാനപരവും കർത്താവിന്റെ പ്രിയനുമായ ശലേമോനെ ഉളവാക്കും. ഈ വ്യക്തി ദൈവത്തിന്റെ ആലയമായ സഭയെ പണിയും. ആ സമയത്ത്, സഭയുടെ കെട്ടുപണിക്കു വേണ്ടി നിങ്ങൾ വളരെ ഉപയോഗമുള്ളവനായിരിക്കും.

"അപ്പോൾ ഇന്നെങ്ങനെയാണ്? നാം എന്തു ചെയ്യണം— അത്തരത്തിലുള്ള വ്യക്തി വരുന്നതുവരെ കാത്തിരിക്കണമോ?" എന്ന് നിങ്ങൾ പറഞ്ഞേക്കാം. അരുത്, കാത്തിരിക്കരുത്. നിങ്ങളുടെ കാത്തിരിപ്പുകൊണ്ട് പ്രയോജനമില്ല. നാം കർത്താവിന്റെ സന്നിധിയിലേക്കു പോകുകയും കർത്താവ് അതു ചെയ്യുന്നതിന് അനുവദിക്കുകയും ചെയ്യുക. ചാൾസ് വെസ്ലി തന്റെ ഒരു കീർത്തനത്തിൽ പറഞ്ഞതുപോലെ "എല്ലാം കരുണയാണ്!" അതെ, ഇത് മൊത്തത്തിൽ ദൈവത്തിന്റെ കരുണയുടെ കാര്യമാണ്. നിങ്ങളുടെ പശ്ചാത്തലത്തെയും, നിങ്ങളുടെ സാഹചര്യത്തെയും, ഭാവിയിൽ എന്തു സംഭവിക്കുമെന്നതിനെയും മറക്കുക. നിങ്ങൾ കർത്താവിന്റെ സർവാധികാരമുള്ള കരുണയിൽ ആശ്രയിക്കുകമാത്രം ചെയ്യുക. അവനും അവന്റെ ജനത്തിനും വേണ്ടിയുള്ള ഒരു ഹൃദയം നിങ്ങൾക്കുണ്ടെങ്കിൽ, അവൻ സകലതും ശരിപ്പെടുത്തും. അവൻ നിങ്ങൾക്ക് ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശത്തിന്റെ പൂർണ്ണാസ്വാദനം നൽകും.

ക്രിസ്തുവിന്റെ വംശാവലിയിലെ ഈ വാക്യങ്ങൾ വളരെ പ്രയാസമാണ്. അവ പാലോ മാംസമോ അല്ല; അവ എല്ലുകളാണ്. ഈ വാക്യങ്ങളെയും ഈ ദൂതിലെ പോയിന്റുകളെയും ഓർത്ത് ഒന്നോ രണ്ടോ മണിക്കൂർ ഈ വാക്യങ്ങളുടെമേൽ നാം പ്രാർഥിക്കുവാൻ ചിലവഴിക്കുമെങ്കിൽ, നാം ചിലതു കൂടി കാണും. നാം യഥാർഥമായി അന്വേഷിക്കുന്ന ഒരു ഹൃദയം, ദൈവത്തെയും ദൈവത്തിന്റെ ജനത്തെയും അന്വേഷിക്കുന്ന ഒരു ഹൃദയം ഉള്ള ഒരു വ്യക്തിയായിരിക്കണമെന്നു നാം കാണും. അപ്പോൾ നാം ഇന്നത്തെ ബോവസും, രൂത്തും, ഓബേദും, യിശ്ശായിയും, ദാവീദും, ഒടുവിൽ ദൈവാലയം പണിയുന്ന ശലോമോനും ആയിരിക്കും.